milma

# Malabar Regional Co-operative Milk Producers' Union Ltd.

Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

NO:MRU:P&I:153 (A):LAPTOP:2024-25/395 02.09.2024

**സർക്കുലർ നമ്പർ 1004/2024**

**വിഷയം:-** **ക്ഷീരോൽപാദകരുടെ പ്രൊഫഷണൽ ബിരുദം/പ്രൊഫഷണൽ ബിരുദാനന്തര കോഴ്സ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് മേഖലാ യൂണിയനിൽ നിന്ന് ലാപ്ടോപ്പ് അനുവദിക്കുന്നത് സംബന്ധിച്ച്.**

മലബാർ മേഖലാ യൂണിയനിൽ അംഗങ്ങളായിട്ടുള്ള ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിലെ അംഗങ്ങളായ ക്ഷീരോൽപാദകരുടെ **ഗവൺമെന്റ് കോളേജുകളിൽ** പ്രൊഫഷണൽ ബിരുദം/പ്രൊഫഷണൽ ബിരുദാനന്തര കോഴ്സ്സുകൾക്ക് പഠിക്കുന്ന മക്കൾക്ക് പഠനാവശ്യത്തിലേയ്ക്കായി ലാപ്ടോപ്പ് നൽകുന്നതിന് നിർദ്ദിഷ്ട മാതൃകയിലുള്ള ഫോറത്തിൽ **(Form–F9)** അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2024 മാർച്ച്/ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന യോഗ്യതാ നിർണ്ണയ പരീക്ഷയിൽ വിജയിച്ച് 2024-25 അദ്ധ്യയന വർഷത്തിൽ പ്രൊഫഷണൽ ബിരുദം/പ്രൊഫഷണൽ ബിരുദാനന്തര കോഴ്സ്സുകൾക്ക് പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ നിന്ന് യോഗ്യതാ നിർണ്ണയ പരീക്ഷയിൽ ഏറ്റവും ഉയർന്ന മാർക്ക് ലഭിച്ചവർക്കായിരിക്കും ലാപ്ടോപ്പ് അനുവദിക്കുന്നത്. വാർഷിക വരുമാനം 1.5 ലക്ഷം രൂപയിൽ താഴെയുള്ളവരും അപേക്ഷാ തീയ്യതിയ്ക്ക് തൊട്ടുമുമ്പുള്ള മൂന്ന് മാസം ക്ഷീര സംഘത്തിൽ ചുരുങ്ങിയത് 500 ലിറ്റർ പാലെങ്കിലും നൽകിയ ക്ഷീര കർഷകർക്ക് മാത്രമേ തങ്ങളുടെ കുട്ടികൾക്ക് ലാപ്ടോപ്പിനായി അപേക്ഷ സമർപ്പിയ്ക്കാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

**ലാപ്ടോപ്പ് അനുവദിക്കുന്നതിനായി പരിഗണിക്കുന്ന യോഗ്യതാ പരീക്ഷകൾ**

| **കോഴ്സ്** | **പരിഗണിക്കുന്ന പ്രവേശന പരീക്ഷ** |
|---|---|
| പ്രൊഫഷണൽ ബിരുദം | NEET/KEAM അല്ലെങ്കിൽ പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്കുള്ള പ്രവേശനം ലഭിക്കുന്നതിനുള്ള തതുല്യ യോഗ്യതാ പരീക്ഷയിൽ നേടിയ മാർക്ക് (സ്കോർ) |
| പ്രൊഫഷണൽ ബിരുദാനന്തര ബിരുദം | UG Course ന് നേടിയ മാർക്ക് /PG NEET അല്ലെങ്കിൽ പ്രൊഫഷണൽ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള തതുല്യ യോഗ്യതാ പരീക്ഷയ്ക്ക് നേടിയ മാർക്ക് (സ്കോർ) |

നിർദ്ദിഷ്ട അപേക്ഷാ ഫോറം **(Form–F9)** അതാത് ജില്ലാ/പി ആന്റ് ഐ സബ് യൂണിറ്റ് ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷയും, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ ശരിപകർപ്പ് എന്നിവ സഹിതം 31.10.2024 തീയ്യതിയ്ക്കകം ബന്ധപ്പെട്ട പി&ഐ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ആവശ്യമായ പ്രചരണം നൽകി അർഹരായ അപേക്ഷകരെ കണ്ടെത്തുന്നതിനുള്ള നടപടികൾക്ക് സംഘം മുൻകൈ എടുക്കണമെന്ന് താത്പര്യപ്പെടുന്നു.

3/9/24

**മാനേജിംഗ് ഡയറക്ടർ**

**എല്ലാ അംഗ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും**

**പകർപ്പ് – നടപടികൾക്കായി**

| | |
|---|---|
| എല്ലാ ജില്ലാ പി ആന്റ് ഐ/ സബ് യൂണിറ്റ് മേധാവികൾക്കും | അപേക്ഷകൾ പരിശോധിച്ച് അർഹമായ അപേക്ഷകൾ ഹെഡ് ഓഫീസിൽ 06.11.2024 തീയ്യതിയ്ക്കകം ലഭിക്കത്തക്കവണ്ണം അയക്കേണ്ടതാണ്. |

**പകർപ്പ് – അറിവിലേയ്ക്കായി**

(1) ജനറൽ മാനേജർ

(2) മാനേജർ പി ആന്റ് ഐ

(3) എല്ലാ വകുപ്പ് മേധാവികൾക്കും

(4) സീനിയർ മാനേജർ, കോഴിക്കോട്/പാലക്കാട് ഡെയറി

(5) എല്ലാ ഡെയറി മാനേജർമാർക്കും

(6) മാനേജർ, എം.പി.എഫ് പ്രൊജക്ട്

(7) ആൻസിലിയറി യൂണിറ്റ് ഇൻചാർജ്ജ്, സി.പി.ഡി

(8) പ്രിൻസിപ്പൽ എച്ച്.ആർ.ഡി.സി

(9) പി.എസ്സ്. റ്റു എം.ഡി/ചെയർമാൻ/ജി.എം

(10) www.mrcmpu.com/E-Stock Files.

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. No. D 89 (D) H.O. Calicut